**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4258**

**03-02-2014-ലെ മറുപടിക്ക്**

**ജനനി -അഫോർഡബിൾ ഹൗസിംഗ് സ്കീം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. എം.പി.വിൻസെന്റ് :<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. താഴ്ന്ന വരുമാനമുള്ള തൊഴിലാളികൾക്ക് നഗരപ്രാന്ത പ്രദേശങ്ങളിൽ ഭൂമി കണ്ടെത്തി കുറഞ്ഞ ചെലവിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് 2013-14 വർഷത്തെ സംസ്ഥാന (പ്ളാൻ) ബഡ്ജറ്റിൽ 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (ബി) സ്വന്തമായി വീടില്ലാത്ത, നഗരങ്ങളിൽ ജോലി ചെയ്യുന്ന ചെറിയ വേതനക്കാരായ തൊഴിലാളികൾക്ക് സ്വന്തമായി ഒരു വീട് സർക്കാർ സബ്സിഡിയോടു കൂടി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം; |
| (സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത്; വിശദമാക്കുമോ; | (സി) പദ്ധതിയുടെ രൂപരേഖ പ്രാരംഭദശയിലാണ്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഭവനം ഫൗണ്ടേഷൻ കേരള എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുകയും, കുറഞ്ഞ ചെലവിൽ ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിനായി ഭൂമി കണ്ടെത്തുന്നതിനും ആയത് നടപ്പിലാക്കുന്നതിനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

Sreeda

സെക്ഷൻ ഓഫീസർ